LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ, സാധാരണ പരിശോധനയും സ്പ്രാഡ് പരിശോധനയും നടത്തി, വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷയും തൊഴിലാളികളുടെ ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) നിയമ നിർമ്മാണം അതിന്റെ അന്തിമഘട്ടത്തിലാണ്.

(ബി) കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിന്റെ 9-ാം വകുപ്പ് പ്രകാരം തൊഴിലാളികളുടെ ജോലിസമയം നിശ്ചയിച്ചിട്ടുണ്ട്. ഒരു തൊഴിലാളിയ്ക്ക് ഒരു ദിവസത്തെ ജോലിസമയം (സ്പ്രെഡ് ഓവർ), വിശ്രമവേളയുൾപ്പെടെ പരമാവധി പത്തര മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ ജീവനക്കാർക്ക് വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം ലഭ്യമാക്കണമെന്ന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) നിയമത്തിൽ ഇതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ, എന്നിവയിലെ സാനിറ്റേഷൻ വർക്കേഴ്സ്

229 (4515) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ എന്നിവയിൽ സേവന മനുഷ്ഠിക്കുന്ന സാനിറ്റേഷൻ വർക്കേഴ്സിന്റെ ജോലിഭാരം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ജോലി ഭാരത്തിനനുസൃതമായാണോ ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തിയിട്ടുള്ളത്;

(സി) സാനിറ്റേഷൻ വർക്കേഴ്സ് അവരുടെ ഹാജർ രേഖപ്പെടുത്തുന്നത് എങ്ങനെയാണ്;

(ഡി) അവർക്ക് ഹാജർ രേഖപ്പെടുത്തുന്നതിന് പ്രത്യേകം അറ്റൻഡൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അത്തരമൊരു സംവിധാനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഐ.ടി.ഐ. കളിൽ ആധുനിക രീതിയിലുള്ള കോഴ്സുകൾ

230 (4516) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.കളിൽ ആധുനിക രീതിയിലുള്ള കോഴ്സുകൾ കൂടി ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ആധുനികവൽക്കരണത്തിലെ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഐ.ടി.ഐ.കളെ പര്യാപ്തമാക്കുമോ; ഇതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ഇപ്പോൾ നടത്തിവരുന്നതും, തൊഴിൽ സാധ്യതകൾ കുറഞ്ഞതുമായ ട്രേഡുകൾക്ക് പകരം തൊഴിൽ സാധ്യതകളുള്ള ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഐ.ടി.ഐ.-കൾ കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുണ്ട്. ഐ.ടി.ഐ. കളെ നവീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രോജക്ട് കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കിയ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ 1396 ഐ.ടി.ഐ. കളുടെ നിലവാരമുയർത്തൽ എന്ന പദ്ധതി പ്രകാരം 22 ഐ.ടി.ഐ. കൾ അപ്ഗ്രേഡ് ചെയ്യുകയും പുതിയ ട്രേഡുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) തീരുമാനപ്രകാരം സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ. കളിൽ പരിശീലനം നൽകിവരുന്ന ട്രേഡുകളുടെ തുടർ സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ., അഡ്വക്കേറ്റ് ശ്രീ. വി. ടി. ബൽറാം ചെയർമാനായി എസ്.സി.വി.റ്റി. യുടെ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള ട്രേഡുകൾക്ക് പകരം തൊഴിൽ സാധ്യതയുള്ള ട്രേഡുകൾ ആരംഭിക്കുന്നതിനും, ഐ.ടി.ഐ. കളിലുള്ള സൗകര്യങ്ങൾ നവീകരിക്കുന്നതിനും അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ തുക ശിപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly